# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 6180 — 31-10-2011-ൽ മറുപടിക്ക്

## ഊർജ്ജസംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>„ വി. റ്റി. ബൽറാം<br>„ എം. എ വാഹീദ്<br>„ എ. റ്റി. ജോർജ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിന് ഇ.എം.സി കൈകൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമത കൈവരിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഓരോ മേഖലകൾക്കും അനുയോജ്യമായ പ്രവർത്തന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഗാർഹിക മേഖലകളിൽ വീട്ടമ്മമാരെ ബോധവല്കരിക്കുന്നതിനായി ഊർജ്ജ ക്ലിനിക്, സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഊർജ്ജ ക്ലബ്ബ്, എനർജി സ്മാർട്ട് സ്കൂൾ പരിപാടി, വ്യാവസായിക മേഖലയിൽ എനർജി ആഡിറ്റ്, സാങ്കേതിക വിദഗ്ധർക്കായി പരിശീലന പരിപാടികൾ, സർക്കാർ കെട്ടിടങ്ങൾ ഊർജ്ജകാര്യക്ഷമമാക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് എനർജി ആഡിറ്റ് എന്നീ പ്രത്യേക പരിപാടികൾ നടത്തി വരുന്നു. ഇതിനു പുറമേ ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുന്ന സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി എന്ന നിലയിൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ നിർദ്ദേശ പ്രകാരം വ്യവസായങ്ങളിൽ വേസ്റ്റ് ഹീറ്റ് റിക്കവറി പദ്ധതികൾ, എൽ.ഇ.ഡി വില്ലേജ് പരിപാടി, സർട്ടിഫൈഡ് എനർജി മാനേജർമാർ, സർട്ടിഫൈഡ് എനർജി ഓഡിറ്റർമാർ തുടങ്ങിയവർക്ക് പരിശീലന പരിപാടികൾ എന്നിവ നടത്തി വരുന്നു. പൊതുജന വായനശാലകൾ, ഗവൺമെന്റിതര സംഘടനകൾ റസിഡന്റ്സ് അസോസിയേഷൻ, തുടങ്ങിയവയുമായി സഹകരിച്ച് ബോധവല്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. സംസ്ഥാനത്ത് ഊർജ്ജ |

| | | | |
|---|---|---|---|
| | | | സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അംഗീകാരം നൽകുന്നതിനും വേണ്ടി സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകളും നൽകി വരുന്നു. |
| (ബി) | ഊർജ്ജസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി ബോർഡ് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നത്; | (ബി) | ഈ സ്കൂൾ അദ്ധ്യയന വർഷത്തിൽ നടപ്പിലാക്കിയ ഊർജ്ജ സംരക്ഷണ പരിപാടിയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന വിദ്യാർത്ഥികൾക്കും, സ്കൂളുകൾക്കും, സ്കൂൾ തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും അർഹമായ അംഗീകാരം നൽകുന്നതാണ്. ഈ പ്രവർത്തനങ്ങൾക്ക് ഏറ്റവും അധികം മാർക്ക് ലഭിക്കുന്ന മൂന്ന് വിദ്യാർത്ഥികൾക്ക് അഞ്ഞൂറ്, മുന്നൂറ്, ഇരുന്നൂറ് രൂപ ക്രമത്തിൽ സമ്മാനം നൽകുന്നതാണ്. കൂടാതെ ജില്ലകളിൽ ഒന്നാമതാകുന്ന സ്കൂളിന് ഇരുപത്തയ്യായിരം രൂപയും, സംസ്ഥാന തലത്തിൽ മുന്നിലെത്തുന്ന സ്കൂളിന് ഒരു ലക്ഷം രൂപയും സമ്മാനമായി നൽകും. |
| (സി) | ഊർജ്ജസംരക്ഷണത്തിനായി സെമിനാറുകൾ/ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) | പരിഗണനയിലുണ്ട്. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷൻ തലത്തിലും ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ കീഴിൽ റെസിഡന്റ്സ് അസ്സോസിയേഷനുകളുമായും, കുടുംബശ്രീ, പ്രാദേശിക സമിതികൾ എന്നിവയുമായും സംയോജിച്ച് മീറ്റിംഗുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ